പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3296

08.11.2019 - ൽ
മറുപടിയ്ക്ക്

# ഗുണമേൻമയുള്ള വിത്തിനം ലഭ്യമാക്കാൻനടപടി

ചോദ്യം
**ശ്രീ.ഇ.കെ.വിജയൻ**

മറുപടി
**ശ്രീ.വി.എസ്.സുനിൽ കുമാർ**
(കൃഷി വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) കാർഷിക മേഖലയിൽ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയ സർക്കാർ ഗുണമേൻമയുള്ള വിത്തിനം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ച വിശദമാക്കാമോ; | എ) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിയ്ക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തുകൾ കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ളതും അത്യുല്പാദന ശേഷിയുള്ളതുമായ നെൽവിത്തുകൾ രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിയിലൂടെ ഉൽപാദിപ്പിച്ച് കൃഷി വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് സീഡ് ഡവലപ്പ്മെന്റ് അതോറിറ്റി മുഖേന കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.), നാഷണൽ സീഡ് കോർപ്പറേഷൻ മുതലായ സർക്കാർ ഏജൻസികളും കർഷകർക്ക് ആവശ്യമായ ഗുണമേന്മയുള്ള വിത്തുകൾ കൃഷിഭവനുകൾ മുഖേന നൽകുന്നുണ്ട്. കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ (ബി.എം.എഫ്.സി.), കേരള കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രങ്ങൾ, സംസ്ഥാനത്തുള്ള ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് സെന്റർ (ഐ.സി.എ.ആർ.) സ്ഥാപനങ്ങൾ എന്നിവ മുഖേനയും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടിട്ടുണ്ട്.<br><br>ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കൃഷി ഫാമുകളിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിൻ പ്രകാരം വിവിധതരം തെങ്ങിൻ തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ , വാഴത്തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കർഷകർക്കാവശ്യമായ വിവിധയിനം നെൽ വിത്തുകൾ, പച്ചക്കറി വിത്തുകൾ എന്നിവ 33 സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രങ്ങൾ വഴിയും, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിവ മുഖേന വേരു പിടിപ്പിച്ച കുരുമുളക് വള്ളികൾ, വിവിധയിനം ഫലവൃക്ഷങ്ങളുടെ തൈകൾ, ഗ്രാഫ്റ്റുകളും ലെയറുകളും, അലങ്കാരചെടികൾ, പച്ചക്കറി തൈകൾ, പച്ചക്കറി വിത്തുകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം മോഡൽ ഫ്ലോറിക്കൾച്ചർ & ബയോ ടെക്നോളജി ലാബ് മുഖേന ടിഷ്യൂകൾച്ചർ വാഴത്തൈകൾ, പച്ചക്കറിത്തൈകൾ, ഓർക്കിഡ്, മറ്റ് നടീൽ വസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് |

വിതരണം ചെയ്തു വരുന്നു. 2019-20 വർഷം 65 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകളും 160 ലക്ഷം പച്ചക്കറിത്തൈകളും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.) മുഖാന്തിരം 12 ലക്ഷം വിത്ത് പായ്ക്കറ്റുകളും സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി.

**ബി)** സൗജന്യമായി കർഷകർക്ക് ഗുണമേൻമയുള്ള വിത്തിനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**ബി)** കൃഷി വകുപ്പ് കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്ന സുസ്ഥിര നെൽകൃഷി വികസന പദ്ധതി, പച്ചക്കറി വികസന പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (SHM) മുതലായ വിവിധ കാർഷിക പദ്ധതികളുടെ ഭാഗമായി കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകൾ പരമാവധി 100 ശതമാനം വരെ സബ്സിഡിയോടെ അനുവദിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ